## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.381.** **08.02.2016 ൽ മറുപടിയ്ക്ക്.**

**ബസ്/ടാക്സി/ഓട്ടോ ചാർജ്ജ് കുറക്കൽ**

| ചോദ്യം<br>ശ്രീ. റ്റി.എ.അഹമ്മദ് കബീർ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഇന്ധനവില ഉയർന്നപ്പോൾ വർദ്ധിപ്പിച്ച ബസ്/ടാക്സി/ഓട്ടോ ചാർജ്ജുകൾ ഇന്ധനവില ഗണ്യമായി കുറഞ്ഞ സാഹചര്യത്തിൽ പുനഃപരിശോധനക്ക് വിധേയമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇക്കാര്യത്തിൽ, ഇതുവരെ എന്ത് നടപടികൾ സ്വീകരിച്ചുവെന്നും ഇനി എന്തൊക്കെ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ? | (ബി) | ഇന്ധനവില കുറഞ്ഞ സാഹചര്യത്തിൽ, നിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയ്ക്ക് നിർദ്ദേശം നല്കുകയും, കമ്മിറ്റി വിവിധ മേഖലകളിൽ നിന്നും തെളിവെടുപ്പ് നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ധനവിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ചാർജ് കുറയ്ക്കേണ്ടതില്ല എന്നാണ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളത്. എന്നാൽ ഇന്ധനവിലയിൽ സ്ഥിരത ഉണ്ടാകുന്ന അവസ്ഥ വരുമ്പോൾ |

| | | | |
|---|---|---|---|
| | | | പരിഗണിക്കപ്പെടേണ്ടതായ എല്ലാ വശങ്ങളും പരിഗണിച്ചുകൊണ്ട് ബസ് ചാർജ്ജും ടാക്സി-ഓട്ടോറിക്ഷാ നിരക്കുകളും കുറയ്ക്കുന്ന കാര്യം സർക്കാരിന് ആലോചിക്കാവുന്നതാണെന്നും സമിതി ശുപാർശ ചെയ്യുകയുണ്ടായി. എന്നിരുന്നാലും ഇതര സംസ്ഥാനങ്ങളിൽ ചാർജ് കുറയ്ക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ.